48 (3502) ജലത്തിന്റെ ഗുണനിലവാരം

ശ്രീ. കെ.എം. മാണി :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലത്തിന്റെ ഗുണനിലവാരം മോശമാണെന്നും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാവശ്യമാണെന്നും സി.ഡബ്ല്യു.ആർ.ഡി.എം. നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സി.ഡബ്ല്യു.ആർ.ഡി.എം. നടത്തിയ പഠനത്തിൽ ആലപ്പുഴ ജില്ലയിൽ ആലപ്പുഴ പട്ടണത്തിലും, ചേർത്തലയിലും ചില കുഴൽക്കിണറുകൾ വഴി വിതരണംചെയ്യുന്ന വെള്ളത്തിൽ ഫ്ളൂറൈഡിന്റെയും, ക്ലോറൈഡിന്റെയും അംശം അനുവദനീയമായ അളവിനേക്കാൾ അല്പം കൂടുതലായി കണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(ബി) സി.ഡബ്ല്യു.ആർ.ഡി.എം-ന്റെ 1997-ലെ റിപ്പോർട്ട് അനുബന്ധം ഒന്നിൽ കൊടുത്തിട്ടുണ്ട്.†

(സി) വെള്ളത്തിൽ അടങ്ങിയിട്ടുള്ള ഫ്ളൂറൈഡ്, ക്ലോറൈഡ് എന്നിവ നീക്കുന്നതിന് അവലംബിക്കാവുന്ന ഫലവത്തായതും ചെലവു കുറഞ്ഞതുമായ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ അത്തരം ഉറവിടങ്ങൾക്കു പകരം ഉള്ളവ കണ്ടെത്തുകയാണ് ഇപ്പോൾ സ്വീകരിച്ചുവരുന്ന മാർഗ്ഗം. വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് താഴെ പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു.

നഗര ശുദ്ധജലവിതരണ പദ്ധതികളിൽ ജലം ശുദ്ധീകരണ ശാലകളിൽ ശാസ്ത്രീയമായി ശുദ്ധീകരിച്ചശേഷം ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കിയാണ് വിതരണം ചെയ്യുന്നത്. മറ്റ് ഗ്രാമീണ ശുദ്ധജല പദ്ധതികളിൽ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് അണുവിമുക്തമാക്കിയാണ് ജലം വിതരണംചെയ്യുന്നത്. ശുദ്ധജല പദ്ധതികളോട് ചേർന്ന് ലബോറട്ടറി ഉള്ള പദ്ധതികളിൽ ദിവസവും മേൽപ്പറഞ്ഞ ടെസ്റ്റുകൾ നടത്തി ജലം പരിശോധിക്കുന്നു. ലബോറട്ടറികൾ ഇല്ലാത്ത പദ്ധതികളിൽ ഫീൽഡ് ടെസ്റ്റു കിറ്റുകൾ മുഖേന പരിശോധന നടത്തുന്നു. ഇത്തരത്തിൽ ദിവസവും ഉള്ള പരിശോധനകൾ പദ്ധതികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരാണ് നടത്തുന്നത്.

വിതരണം നടത്തുന്ന വെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കുവാനും മെച്ചപ്പെടുത്താനുമായി ആലുവ, കോഴിക്കോട് എന്നിവിടങ്ങളിൽ ക്വാളിറ്റി കൺട്രോൾ ഡിവിഷനുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഡിവിഷനുകളുടെ കീഴിൽ കണ്ണൂർ, തൃശ്ശൂർ, തിരുവല്ല, അരുവിക്കര എന്നിവിടങ്ങളിൽ റീജിയണൽ ലബോറട്ടറികളും കാസർഗോഡ്, വയനാട്, മലപ്പുറം, പാലക്കാട്, കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം എന്നിവിടങ്ങളിൽ ജില്ലാതല ലബോറട്ട

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

റികളും ഉണ്ട്. ഇതിൽ കോട്ടയം ജില്ലാ ലബോറട്ടറി പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടില്ല.

മേൽപ്പറഞ്ഞ ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളിലെ ഉദ്യോഗ സ്ഥൻമാർ നിശ്ചിത കാലയളവുകളിൽ വിവിധ പദ്ധതികളിലെ ശുദ്ധീകരിച്ച തും, അല്ലാത്തതുമായ ജലം ശേഖരിച്ച് ഫിസിക്കൽ, കെമിക്കൽ, ബാക്ടീരി യോളജിക്കൽ ഘടകങ്ങൾ ടെസ്റ്റ് ചെയ്യുകയും, ഫലം പദ്ധതികളുടെ ചുമതല യുള്ള ഉദ്യോഗസ്ഥരെ അറിയിക്കുകയും ചെയ്യുന്നു. ഗുണമേന്മ മെച്ചപ്പെടു ത്തേണ്ട സന്ദർഭങ്ങളിൽ ഉദ്യോഗസ്ഥർക്കുവേണ്ട നിർദ്ദേശവും കൊടുക്കുന്നു. പ്രധാനപ്പെട്ട പദ്ധതികളോടുചേർന്ന് വെള്ളത്തിന്റെ ഗുണനിലവാരം നിർണ്ണയി ക്കുന്നതിനുള്ള ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു.

49 (3504) പറമ്പിക്കുളം-ആളിയാർ പദ്ധതി

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം മണക്കടവിൽ പ്രതിവർഷം എത്ര ജലമാണ് ലഭിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള ജലം ഏതെങ്കിലും വർഷം ലഭിക്കാതിരുന്നി ട്ടുണ്ടോ എന്നും എങ്കിൽ ഏതെല്ലാം വർഷമെന്നും അത് എത്ര ടി.എം.സി. ജല മാണെന്നും വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ലഭിക്കാത്ത ജലം നേടിയെടുക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) കരാർ പ്രകാരമുള്ള ജലം ലഭിക്കുന്നില്ല എന്ന് ഏതെങ്കിലും നിയമസഭാ കമ്മിറ്റി ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വർഷം എത്ര നഷ്ടപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഇങ്ങനെ നഷ്ടപ്പെട്ട ജലം വീണ്ടെടുക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉപയുക്തമല്ലാത്ത പ്രളയജലം കൂടാതെ 7250 എം.ബി. ഫീറ്റ്.

(ബി)&(സി) 1982-83 വർഷം ലഭിക്കേണ്ടിയിരുന്ന ജലത്തിൽ 1551 എം. ബി.ഫീറ്റ് ജലത്തിന്റെ കുറവുണ്ടായി. അതിൽ 651 എം.ബി.ഫീറ്റ് ജലം അന്നത്തെ അതിരൂക്ഷമായ വരൾച്ച കണക്കിലെടുത്ത് എഴുതിത്തള്ളാനും ബാക്കി 900 എം.ബി. ഫീറ്റ് ജലം തുടർവർഷങ്ങളിൽ ലഭ്യമാക്കാനും 8.10.83-ലെ ജെ.ഡബ്ല്യു.ആർ.ബോർഡ് യോഗത്തിൽ തീരുമാനിച്ചു. ഈ 900 എം.ബി.ഫീറ്റ് ജലം 83-84, 84-85 വർഷങ്ങളിൽ കേരളത്തിന് ലഭ്യമായി.

(ഡി) ഉണ്ട്.

1991-93 ലെ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ടിൽ 1980-81 മുതൽ 1990-91 വരെയുള്ള പത്തു വർഷക്കാലയളവിൽ 76.724 ദശലക്ഷം ഘന യടി ജലം സംസ്ഥാനത്തിനു നഷ്ടമായതായി സൂചിപ്പിച്ചിരുന്നു.

(ഇ) കേരളത്തിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തുന്നതിനുവേണ്ടി ഒരു നാലംഗ ടെക്നിക്കൽ കമ്മിറ്റിയെ സർക്കാർ നിയോഗിക്കുകയുണ്ടായി. ചില

LIBRARY ARCHIVES Kerala Legislative Assembly